# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6888 13.7.2012-ൽ മറുപടിയ്ക്ക്

## കാര്യക്ഷമമായ ശുദ്ധജല വിതരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റ്റിയു. കുരുവിള<br>ശ്രീ .തോമസ് ഉണ്ണിയാടൻ | | പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരളാ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ഗുണനിലവാര മുള്ളതാണെന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം ക്രമീകരണങ്ങൾ ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ജലശുദ്ധീകരണ ശാല ഉപയോഗിച്ചും ഇൻഫിൽ ട്രേഷൻ ഗ്യാലറി ഉപയോഗിച്ചും, പ്രഷർ ഫിൽറ്റർ ഉപയോഗിച്ചും ശുദ്ധീകരിച്ച് ശേഖരിക്കുന്ന ജലത്തിൽ ക്ലോറിൻ/ബ്ലീച്ചിംഗ് പൗഡർ ചേർത്ത് അണുവിമുക്തമാക്കിയാണ് ജലവിതരണം നടത്തുന്നത്. വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺ ട്രോൾ വിഭാഗം ജലവിതരണ ശൃംഖലയുടെ വിവിധ ഘട്ടങ്ങളിൽ ഗുണനിലവാരം ഉറപ്പുവരുത്തിയാണ് ജലവിതരണം നടത്തുന്നത്. |
| (ബി) ശുദ്ധജല സംഭരണികളും മറ്റും കൃത്യമായി വൃത്തിയാക്കിയും അറ്റകുറ്റപ്പണികൾ സമയാസമയങ്ങളിൽ ചെയ്തും ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ജല സംഭരണികൾ കാലാകാലങ്ങളിൽ വൃത്തിയാക്കിയും അറ്റകുറ്റപ്പണികൾ സമയാസമയങ്ങളിൽ നടത്തിയും ശുദ്ധജല വിതരണം നടത്തുന്നു. |

സെക്ഷൻ ഓഫീസർ